ഉത്തരം

(എ-കെ) തലശ്ശേരിയിൽ ഒരു കാൻസർ ആശുപത്രി സ്ഥാപിക്കുന്നതിന് വേണ്ടതായ 100 കോടി രൂപ കാനഡയിലെ വിവിധ സർക്കാർ ഏജൻസികളിൽ നിന്നും സ്വരൂപിച്ച് ആശുപത്രി നിർമ്മിച്ചുതരുന്നതിന് ധാരണയായിട്ടുണ്ടെന്ന് വെളിപ്പെടുത്തിയിരുന്നു. ഈ പദ്ധതിക്കുള്ള തുക പണമായി സർക്കാരിന് ലഭിക്കുന്നില്ല. പദ്ധതി നടപ്പിലാക്കി തരികയാണ് ചെയ്യുന്നത്. ആശുപത്രിയ്ക്കുവേണ്ട ധനസഹായം കാനഡയിലുള്ള വിവിധ സർക്കാർ ഏജൻസികളിൽ നിന്നുമാണ് സ്വരൂപിക്കുന്നത്. മുഖ്യമന്ത്രിയുടെ കാനഡാ സന്ദർശന വേളയിൽ സമൂഹനന്മയ്ക്ക് ഉതകുന്ന പദ്ധതികൾക്ക് ധനസഹായം ലഭ്യമാകും എന്ന് മനസ്സിലാക്കി, അതനുസരിച്ച് ഒരു കാൻസർ ആശുപത്രി ആവശ്യപ്പെടുകയും അനുകൂല മറുപടി സിഡ (കനേഡിയൻ ഇന്റർ നാഷണൽ ഡെവലപ്മെന്റ് ഏജൻസി) ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികളിൽ നിന്നും പ്രതീക്ഷിക്കുകയും ചെയ്തു. ഇതു നടത്തുന്ന ചുമതല കനേഡിയൻ കമ്പനിയായ എസ്.എൻ.സി. ലാവലിൻ ഏറ്റെടുത്തു. ഈ കമ്പനിയുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.

ചികിത്സയ്ക്കായി വിദേശത്തുപോയ മന്ത്രിമാർ

4 (4) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുൾപ്പെടെ സംസ്ഥാനത്ത് ഏതെല്ലാം മന്ത്രിമാർ ചികിൽസയ്ക്കായി വിദേശത്ത് പോയിട്ടുണ്ട് ;

(ബി) ഇവർ എവിടെയെല്ലാമാണ് ചികിൽസിച്ചത് ;

(സി) ചികിൽസയ്ക്കുപോയപ്പോൾ ഇവർ മറ്റേതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിച്ചു ;

(ഡി) ചികിൽസയ്ക്കും യാത്രാച്ചെലവിനും ഈ മന്ത്രിമാരിൽ ഓരോരുത്തർക്കും എന്തു തുക വീതം ചെലവായെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയും വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും കൂടാതെ വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രിയും വൈദ്യപരിശോധന നടത്തിയിരുന്നു.

(ബി) മുഖ്യമന്ത്രി ബർമിംഗാമിലെ പ്രിയോറി ഹോസ്പിറ്റലിലും മാനർ ഹോസ്പിറ്റലിലുമാണ് വൈദ്യ പരിശോധന നടത്തിയത്. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അമേരിക്കയിലെ വാഷിംഗ്ടണിൽ ആയിരുന്നു ചികിത്സ നടത്തിയത്. ന്യൂയോർക്കിലെ നോർത്ത് ഷോർ കാർഡിയാക്പൾമിനറി ജങ്ങോസിയേറ്റിലാണ് വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി ചികിത്സ നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുഖ്യമന്ത്രിയും വിദ്യാഭ്യാസ പൊതുമരാമത്തു വകുപ്പുമന്ത്രിയും മലേഷ്യ സന്ദർശിച്ചു. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി വേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മുഖ്യമന്ത്രിയുടെ വിമാനയാത്ര കൂലിയിനത്തിൽ ചെലവായ തുക

5 (5) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ വിദേശയാത്രകൾക്കായി വിമാനയാത്രാ കൂലിയിനത്തിൽ എത്ര രൂപ ചെലവായി എന്ന് വെളിപ്പെടുത്താമോ ;

(ബി) ഓഡേപെക്ക് മുഖേന വിദേശയാത്രാടിക്കറ്റ് എടുക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ഇതിലേതെങ്കിലും യാത്രയ്ക്കുള്ള ടിക്കറ്റ് സ്വകാര്യ ഏജൻസിയിൽ നിന്നും എടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സ്വകാര്യ ഏജൻസിയിൽ നിന്നും മുൻകൂർ തുക നൽകിയാണോ ടിക്കറ്റെടുത്തതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഏതെങ്കിലും വിദേശ സ്വകാര്യ ഏജൻസി മുഖേന ലഭ്യമാക്കിയ വിമാനടിക്കറ്റ് ഏതെങ്കിലും വിദേശയാത്രയ്ക്ക് ഉപയോഗിച്ചിട്ടുണ്ടോ ;

(ഇ) വിദേശ ഗവൺമെന്റിന്റെയോ ഏജൻസിയുടെയോ അതിഥിയായി വിദേശയാത്ര നടത്തിയതിന്റെ ചെലവ് സംസ്ഥാന സർക്കാരിൽ നിന്നും എഴുതി വാങ്ങിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഏത് യാത്രയുടെ ചെലവാണ് എഴുതിവാങ്ങിയിരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 660335 രൂപ

(ബി&സി) ഒഡേപെക്ക് മുഖേന വിദേശവിമാന യാത്രാടിക്കറ്റ് എടുക്കണമെന്ന വ്യവസ്ഥയൊന്നും നിലവിലില്ല.

(ഡി&ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

പ്ലസ് ടൂ കോഴ്സ് അനുവദിച്ചതിന്റെ പേരിൽ പണം കൈപ്പറ്റിയവരുടെ ലിസ്റ്റ്

6 (6) ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 വർഷത്തിൽ പ്ലസ് ടൂ കോഴ്സ് അനുവദിച്ചതിന്റെ പേരിൽ ആരെങ്കിലും പണം കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ ലിസ്റ്റ് ഗവൺമെന്റിന്റെ പക്കലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly